# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025 – 26



## എൻ എസ് എൽ പി എസ്

## മഠത്തുംപടി

N.S.L.P.S. MADATHUMPADY

# ഉള്ളടക്കം


- ആമുഖം
- പൊതുലക്ഷ്യങ്ങൾ
- വിദ്യാലയചരിത്രം
- നിലവിലെ അവസ്ഥാ വിശകലനം
- വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്
- ലക്ഷ്യങ്ങൾ - ഒറ്റനോട്ടത്തിൽ
- പ്രവർത്തനകലണ്ടർ
- മോണിറ്ററിംഗ് സംവിധാനം
- ഉപസംഹാരം

# PROFILE

| | | |
|---|---|---|
| 1. Name of School | : | N.S.L.P.S Madathumpady |
| 2. Name of District | : | Thrissur |
| 3. Name of Block Panchayat | : | Mala |
| 4. Educational Dist. | : | Irinjalakuda |
| 5. Sub District | : | Mala |
| 6. Name of Panchayat | : | Poyya |
| 7. Name of Revenue Villge/ Ward | : | Mathumpady/ Ward VIII |
| 8. Name of Cluster | : | St. Antony's U P S Poyya. |
| 9. Name of Head Mistress | : | Lini P P |
| 10. Phone No. | : | 9497678652 |

## ആമുഖം

2025 - 26 അധ്യയന വർഷത്തിൽ എൻ എസ് എൽ പി മാത്തുംപടി സ്കൂളിലെ മുഴുവൻ കുട്ടികളെയും ഉൾക്കൊള്ളിക്കുന്നതും ഗുണതയും നിലവാരമുള്ളതുമായ വിദ്യാഭ്യാസം ഉറപ്പാക്കുകയും ചെയ്യുന്ന ഒരു പദ്ധതിയാണ് ഈ സ്കൂളിന്റെ അക്കാദമിക മാസ്റ്റർ പ്ലാൻ. ഓരോ കുട്ടിയേയും മികവിലേക്കുയർത്തുക എന്ന കർമ്മ പദ്ധതിയാണ് ഈ മാസ്റ്റർ പ്ലാൻ ലക്ഷ്യമിടുന്നത് . ഈ കർമ്മ പദ്ധതി രക്ഷകർത്താക്കളുടെയും സജീവമായ പിന്തുണ ഉറപ്പാക്കുന്ന വിധത്തിലാണ് രൂപ കൽപന ചെയ്തിട്ടുള്ളത് .

പഠന പ്രവർത്തനങ്ങൾ കൂടുതൽ ആസ്വാദ്യകരമാക്കുക, സ്വയം ഏറ്റെടുക്കൽ, മനോഭാവം വളർത്തുക , സ്വയം വിലയിരുത്തൽ , പരസ്പര വിലയിരുത്തൽ വിദ്യാലയത്തെ വിലയിരുത്തൽ , പഠന പ്രവർത്തനങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പ വരുത്തൽ തുടങ്ങിയവ ഈ പദ്ധതിയിൽ വരുന്നു.

ഗുണമേന്മ വിദ്യാഭ്യാസം ഉറപ്പാക്കി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കിത്തീർക്കുക എന്ന ലക്ഷ്യത്തോടെ സർക്കാർ നടപ്പിലാക്കി വരുന്ന പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി മാത്തുംപടി എൻ എസ എൽ പി എസിൽ നടപ്പിലാക്കാൻ വേണ്ടി തയ്യാറാക്കപ്പെട്ട അക്കാദമികവും ഭൗതികവും സാമൂഹികവുമായ വികസന പരിഷ്കരണ പ്രവർത്തനങ്ങളും അതിനോടനുബന്ധമായ മറ്റ് വിവരങ്ങളുമാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാനിന്റെ ഉള്ളടക്കം.

വിദ്യാലയത്തിലെ കുട്ടികളുടെ പ്രവേശനത്തോത് ഉയർത്തുകയും പാഠ്യ - പഠ്യേതര രംഗത്ത് അവരുടെ സർവതോമുഖമായ വളർച്ച സാധ്യമാക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടുകൂടിയാണ് ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെട്ടിട്ടുള്ളത്.

ബോധന രീതി കൂടുതൽ കാര്യക്ഷമമാക്കുക, പഠന സൗകര്യങ്ങൾ വർധിപ്പിക്കുക , അതിനാവശ്യമായ ബോധന സാമഗ്രികൾ ലഭ്യമാക്കുക , ക്ലാസ് മുറികൾ ആകർഷകമാക്കുക , ക്ലാസ് മുറികളിൽ പഠനത്തിന് വേണ്ട എല്ലാ സൗകര്യങ്ങളും സജ്ജീകരണങ്ങളും ഒരുക്കുക , ഇതിനു വേണ്ട സാമൂഹിക പങ്കാളിത്തം ഉറപ്പാക്കുക വിദ്യാലയം കെട്ടിലും മട്ടിലും ആകർഷണീയമാക്കുക പഠ്യേതര രംഗത്തെ മത്സരങ്ങളിൽ വിദ്യാലയത്തിലെ കുട്ടികൾക്ക് നേട്ടങ്ങൾ എന്നിവയൊക്കെ ലക്ഷ്യമാക്കിയാണ് ഇതിലെ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുന്നത്

### വിദ്യാലയം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളും പരിമിതികളും :

1. ഉയർന്ന പ്രദേശത്തു വിദ്യാലയം സ്ഥിതിചെയ്യുന്ന എന്നതുകൊണ്ട് ചൂട് കൂടിയ അന്തരീക്ഷ സ്ഥിതിയാണ് ഇവിടെയുള്ളത് മേൽക്കൂര ഫാൾസ് സീലിംഗ് ചെയ്തു ഫാനുകൾ സ്ഥാപിച്ചിട്ടുണ്ട് എങ്കിലും ക്ലാസ് മുറികളിൽ ചൂട് അനുഭവപ്പെടുന്നുണ്ട്.

2. സ്കൂൾ അങ്കണത്തിലെ വെയിലിന്റെ ചൂട് ക്ലാസ് മുറികളിലേക്ക് എത്താതിരിക്കാൻ ഒരു ജൈവ പന്തൽ ആവശ്യമാണ് .

3. എല്ലാ ക്ലാസ് മുറികളിലും ക്ലാസ് ലൈബ്രറികൾ സജ്ജീകരിക്കുന്നതിനായി ഭംഗിയുള്ള ഫർണിച്ചറുകളുടെ അപര്യാപ്തതയുണ്ട്.

## 2025-26 അധ്യയന വർഷത്തിൽ ലക്ഷ്യമിട്ടിരിക്കുന്ന പ്രവർത്തനങ്ങൾ

### 1. അക്കാദമികം

- പഠനോപകരണ ശില്പശാല
- വായനോത്സവം രചനോത്സവം
- **" I can speak "**. ഇംഗ്ലീഷ് പഠനത്തിന് പ്രാധാന്യം നൽകിക്കൊണ്ടുള്ള ബോധന രീതി
- കാര്യ ക്ഷമമായി പ്രവർത്തിക്കുന്ന K G ക്ലാസുകൾ.
- പൊതു വിജ്ഞാന വർദ്ധനവിന് തനതു പ്രവർത്തനം – My GK Book -, സ്കൂൾ തലം
- അക്ഷരമുറപ്പിക്കാൻ തനതു പ്രവർത്തനം – (Std. I to I V).
- I C T സൗകര്യങ്ങൾ ഉപയോഗിച്ച് കൊണ്ടുള്ള ബോധന രീതി - e -learning
- പഠന ബോധന സാമഗ്രികളുടെ കൃത്യമായ ഉപയോഗം .
- 1 , 2 ക്ലാസ്സുകളിലെ സചിത്ര ഡയറി , സചിത്ര നോട്ട് ബുക്ക് , സാങ്കല്പിക ഡയറി രചന
- പാട്ടരങ്ങ് – Std I & II
- **Readers' Theatre I to I V**
- മികവുത്സവം **Std III.**
- കാവ്യോത്സവം **Std. I V**
- സർഗാത്മക ഡയറി **Std. II & I V**
- ഗണിത ശില്പശാല – **Std. IV**
- **Class P T A** – സമഗ്ര വിലയിരുത്തൽ
- **Field trip**
- English assembly, ബാലസഭ, വിദ്യ രംഗം, കല സാഹിത്യ വേദി പ്രവർത്തനങ്ങൾ
- വിവിധ ക്ലബ് പ്രവർത്തനങ്ങൾ

- കലാ കായിക മത്സരങ്ങൾ
- L S S പരീക്ഷ പരിശീലനം
- ദിനാചരണ പ്രവർത്തനങ്ങൾ
- പഠനോത്സവം
- ശാസ്ത്രോത്സവം
- English fest

ഭൗതികം

- സാമൂഹ്യ സേവന പ്രവർത്തനങ്ങൾ
- സ്റ്റേജ്, ആഡിറ്റോറിയം പൂർത്തീകരണം
- kitchen cum dining hall - നിർമ്മാണം
- ജൈവ പന്തൽ, അടുക്കളത്തോട്ട നിർമാണം, പൂന്തോട്ടം വിപുലീകരിക്കൽ, ഫലവൃക്ഷ തൈകൾ നട്ട് പിടിപ്പിക്കൽ ( ജൈവ വൈവിധ്യം )
- വാർഷികാഘോഷം
- രക്ഷിതാക്കൾക്കായ ദിനം.

അധ്യാപകർ

ഹെഡ് മിസ്ട്രസ്സും **3** അധ്യാപകരും **4** ഡിവിഷനുകളിലായി സേവനമനുഷ്ഠിക്കുന്നു. കെജി ക്ലാസ്സുകളിൽ **2** അധ്യാപികമാരും ഒരു ആയയും ജോലി ചെയ്യുന്നു. കമ്പ്യൂട്ടർപരിശീലനത്തിനായി ഒരു അധ്യാപികയെ **P T A** ഏർപ്പെടുത്തിയിരിക്കുന്നു.

ഈ വർഷത്തെ **1** മുതൽ **4** വരെ ക്ലാസ്സുകളിൽ **70** കുട്ടികളും നഴ്സറി വിഭാഗത്തിൽ **30** കുട്ടികളും വിദ്യാലയത്തിൽ പഠിക്കുന്നു

കഴിഞ്ഞ വർഷങ്ങളിലെ പ്രവേശനത്തോത്

| ACADEMIC YEAR | ENROLLMMENT |
|---|---|
| 2018 - 19 | 59 |
| 2019 - 20 | 74 |
| 2020 - 21 | 72 |
| 2021 - 22 | 66 |
| 2022 - 23 | 80 |
| 2023 - 24 | 74 |
| 2024 - 25 | 70 |
| 2025 - 26 | 70 |

## പൊതുലക്ഷ്യങ്ങൾ

- കരിക്കുലം വിഭാവന ചെയ്യുന്നതും പ്രായാനുസൃതവുമായ ഏറ്റവും മികച്ച നിലവാരത്തിലേക്ക് കുട്ടിയെ ഉയർത്തുക.
- കുട്ടികളിൽ ജനാധിപത്യമൂല്യങ്ങൾ വളർത്തൽ, പാരസ്ഥിതികാവബോധ മുണ്ടാക്കൽ, കാർഷികാഭിരുചി വളർത്തൽ.
- കുട്ടികളിൽ ലിംഗസമത്വബോധം, മതേതര ചിന്താഗതി, ലഹരി വിരുദ്ധ മനോഭാവം എന്നിവ സൃഷ്ടിക്കൽ
- ഒന്നുമുതൽ 4 വരെ ക്ലാസ്സുകളിൽ പഠനശേഷികൾ കുട്ടികളിൽ ഉറപ്പി ക്കുന്നതിനുള്ള പഠന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു സമയ ബന്ധിതമായി നടപ്പാക്കുക.
- "വിദ്യാലയം" ഒരു പാഠപുസ്തകം എന്ന തത്വം മുന്നിൽക്കണ്ട് പഠനം സുഗമവും രസകരവുമാക്കി മാറ്റുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കൽ, ജൈവവൈവിധ്യ പാർക്ക് നിർമ്മിക്കൽ.
- കലാകായികരംഗത്ത് മികവു പുലർത്താനും നേട്ടങ്ങൾകൊയ്യാനും കുട്ടികളെ പ്രാപ്തരാക്കുക.
- കുട്ടികളുടെ മാനസിക വൈകാരിക ആരോഗ്യം വളർത്തുന്നതിനായി വിനോദവേളകൾ, പശ്ചാത്തലങ്ങൾ സൃഷ്ടിക്കുക
- സർഗാത്മകശേഷികളുടെ വികസനത്തിനായി വിദ്യാലയത്തിനകത്തും പുറത്തും സാഹചര്യങ്ങൾ ഒരുക്കികൊടുക്കുക
- വിവിധമത്സര പരീക്ഷകളിൽ ഉയർന്ന നിലവാരം പുലർത്താൻ വേണ്ട പരിശീലനപരിപാടികൾ ആസൂത്രണം ചെയ്യുക.
- പഠനം കാര്യക്ഷമമാക്കു ന്നതിനായി ക്ലാസ്സ് ലൈബ്രറി, സയൻസ് ലാബ്, ഗണിതലാബ്, ഐ.ടി ലാബ് എന്നിവ സജ്ജീകരിക്കൽ.

- ഭിന്നശേഷിയുള്ള കുട്ടികളുടെ പഠനപുരോഗതിക്കും കഴിവുകളുടെ വികസനത്തിനും വേണ്ട അക്കാദമിക ഭൗതിക സൗകര്യങ്ങൾ ഒരുക്കുക
- ഇതര സംസ്ഥാനക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകി മുഖ്യധാരയിലെ ത്തിക്കുക.
- കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുംവിധം പോഷകസമ്പുഷ്ടവും വിഷരഹിതവുമായ ഭക്ഷണം നൽകുന്നതിന് വിദ്യാലയം സ്വയം പര്യപ്തമാവുക.
- വിദ്യാലയത്തിലെ പുരോഗമന പ്രവർത്തനങ്ങൾക്ക് സമൂഹത്തിന്റെ ഇട പെടൽ പ്രയോജനകരമായി മാറും വിധം സാമൂഹിക ബന്ധങ്ങൾ നില നിർത്തുക.

# വിദ്യാലയചരിത്രം

1928-ൽ തിരുമുക്കുളം എൻ.എസ്.എസ് കരയോഗത്തിന്റെ കീഴിൽ വിദ്യാലയം പ്രവർത്തനം തുടങ്ങുമ്പോൾ മടത്തുംപടിയിലോ പ്രാന്തപ്രദേശങ്ങളിലോ മറ്റൊരു വിദ്യാഭ്യാസ സ്ഥാപനവും ഉണ്ടായിരുന്നില്ല. അതുകൊണ്ടു തന്നെ ആദ്യകാലങ്ങളിൽ (1969 വരെ) 500-ൽ പരം വിദ്യാർത്ഥികളും 14 അധ്യാപകരും വിദ്യാലയത്തിൽ ഉണ്ടായിരുന്നു. 1961 വരെ ഇവിടെ 5-ാം ക്ലാസ്സ് പ്രവർത്തിച്ചിരുന്നു.

1994-ൽ വിദ്യാലയത്തിന് പുതിയകെട്ടിടം നിർമിക്കപ്പെട്ടു. അന്നത്തെ കേരള മുഖ്യമന്ത്രി ശ്രീ. കെ. കരുണാകരനാണ് പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനകർമം നിർവഹിച്ചത്.

സമൂഹത്തിന്റെ വിവധതലങ്ങളിൽ ഉന്നത പദവികൾ അലങ്കരിച്ച ധാരാളം പ്രതിഭാധനൻമാർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്. ജില്ലാ ഉപഭോക്തൃകോടതി ജഡ്ജിയായിരുന്ന പരേതനായ ശ്രീ. ഗോവിന്ദൻകുട്ടി മേനോൻ, ISRO -യിലെ ശാസ്ത്രജ്ഞനായിരുന്ന ശ്രീ. പത്മനാഭൻ, അമേരിക്കയിൽ ശാസ്ത്രജ്ഞനായി ജോലി ചെയ്യുന്ന ശ്രീ. ശ്രീജിത്ത് സമീപകാലത്ത് ഡോക്ടറേറ്റ് നേടിയ ശ്രീമതി. സുജ, കുമാരി ശ്രീലേഖ, Mphil ഒന്നാം റാങ്ക് നേടിയ ശ്രീമതി. ലക്ഷ്മിപ്രിയ തുടങ്ങിയവർ ആദ്യാക്ഷരം കുറിച്ചത് ഈ വിദ്യാലയത്തിലാണ്. ഇവരെ കൂടാതെ ധാരാളം പേർ ദേശത്തും വിദേശത്തും ഉന്നത പദവികൾ അലങ്കരിച്ചുവരുന്നു.

1997 മുതൽ ഇതുവരെയുള്ള കാലയളവിൽ വിദ്യാലയത്തിന്റെ ഭൗതിക സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനുള്ള പല നിർമ്മാണപ്രവർത്തനങ്ങളും നടക്കുകയുണ്ടായി. കിണർ നിർമ്മാണം, ഗ്രൗണ്ട് നിരപ്പാക്കൽ, പൂന്തോട്ട നിർമ്മാണം, ആസ്ബസ്റ്റോസ് മേൽക്കൂര മൂലമുള്ള ചൂടിന്റെ ആധിക്യം

കുറയാനും ആരോഗ്യപ്രശ്നങ്ങൾ പരിഹരിക്കാനും വേണ്ടി മേൽക്കൂര ഫാൾസ് സീലിംഗ് ചെയ്യൽ, ചിൽഡ്രൻസ് പാർക്ക് നിർമ്മാണം, ഓപ്പൺ ലൈബ്രറി സജ്ജീകരിക്കൽ, എൽ.സി.ഡി പ്രൊജക്റ്റർ ഉൾപ്പെടെ കമ്പ്യൂട്ടർ ലാബ് സജ്ജീകരിക്കൽ, പുതിയ അടുക്കള, ടോയ്‌ലറ്റ് യൂറിനൽ സൗകര്യങ്ങൾ, ചിൽഡ്രൻസ് പാർക്ക്, പക്ഷിക്കൂട്, അക്വേറിയം, കൃഷിത്തോട്ടം എന്നിങ്ങനെയുള്ള വികസനപ്രവർത്തനങ്ങൾ വഴി വിദ്യാലയത്തിന്റെ മുഖച്ഛായ മാറ്റാൻ പി.ടി.എ, ഒ.എസ്.എ, മാനേജ്മെന്റ് എന്നിവരുടെ ഒരുമയോടെയുള്ള പ്രവർത്തനം കൊണ്ടു സാധിച്ചു.

2010 മുതൽ വിദ്യാലയത്തിൽ കെ.ജി വിഭാഗവും പ്രവർത്തിച്ചുവരുന്നു. ചുറ്റുപാടും മുളച്ചുപൊന്തിയ ആംഗലേയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ആകർഷണീയതയിൽ കുടുങ്ങിയ രക്ഷിതാക്കൾ തങ്ങളുടെ കുട്ടികളെ അത്തരം സ്ഥാപനങ്ങളിലേക്കയച്ചപ്പോൾ വിദ്യാലയത്തിലെ പ്രവേശനത്തോതു കുറയുകും ഒരു വേളയിൽ വിദ്യാലയം അൺഎക്കണോമിക് ലിസ്റ്റിൽപ്പെടുകയും ചെയ്തു.

ഇംഗ്ലീഷ് പഠനത്തിനു കൂടുതൽ പ്രാധാന്യം നൽകികൊണ്ടുള്ള പഠനരീതി ആസൂത്രണം ചെയ്തു നടപ്പാക്കുകയും കുട്ടികളുടെ അക്കാദമിക മികവിനുവേണ്ട വിവിധ പദ്ധതികൾ പ്രാവർത്തികമാക്കുകയും ചെയ്തപ്പോൾ കഴിഞ്ഞവർഷം വിദ്യാലയം അൺഎക്കണോമിക് ലിസ്റ്റിൽ നിന്നും നീക്കം ചെയ്യപ്പെട്ടു. ഐ.സി.ടി പഠനസാദ്ധ്യതകളും പഠനബോധന സാമഗ്രികളും പരമാവധി പ്രയോജനപ്പെടുത്തുക വഴിയും പൊതുവിജ്ഞാന വർധനവിനായി My GK Book എന്ന തനതു പ്രവർത്തനം നടപ്പാക്കുകയും My English Dictionary നിർമ്മാണം English Assembly, ബാലസഭ, വിദ്യാരംഗം കലാസാഹിത്യവേദി എന്നിവയിലൂടെ കുട്ടികളുടെ അക്കാദമിക മികവും വ്യക്തിത്വ വികസനവും സാധ്യമാക്കുകയും വഴി ധാരാളം നേട്ടങ്ങൾ ഉണ്ടാക്കാൻ വിദ്യാലയത്തിനു കഴിഞ്ഞിട്ടുണ്ട്.

ഉപജില്ലാതല സോഷ്യൽ സയൻസ് ക്വിസിലും, അറ്റെയിൻമെന്റ് ടെസ്റ്റിലും 1-ാം സ്ഥാനം നേടാനും L.S.S. സ്കോളർഷിപ്പ് കരസ്ഥമാക്കാനും പ്രവൃത്തി

പരിചയമേളയിൽ സ്റ്റഫ്ഡ് ടോയ്സ് വിഭാഗത്തിൽ എല്ലാ വർഷങ്ങളിലും തുടർച്ചയായി സമ്മാനം നേടാനും വിദ്യാലയത്തിനു കഴിഞ്ഞു. കലാമത്സരങ്ങളിൽ മികച്ച ഗ്രേഡുകളും ഇവിടത്തെ വിദ്യാർത്ഥികൾ കരസ്ഥമാക്കി വരുന്നു. അസംബ്ലിയിലും ബാല സഭയിലും വാർഷികാഘോഷ കലാപ്രകടനങ്ങളിലും ഭയലേശമന്യേ പരിപാടികൾ അവതരിപ്പിക്കാൻ കെ.ജി മുതലുള്ള ഇവിടുത്തെ മുഴുവൻ വിദ്യാർത്ഥികളും പ്രാപ്തരാണ്.

പഠനത്തിന്റെ കാര്യത്തിൽ 1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിലെ കൂടുതൽ കുട്ടികളും എ ഗ്രേഡിൽ നിൽക്കുന്നു. സി.ഡി ഗ്രേഡുകാർക്ക് വ്യക്തിഗത ബോധനം നൽകുന്നതിൽ അധ്യാപകർ പ്രത്യേക സമയം വിനിയോഗിക്കുന്നു.

കൂടുതൽ കുട്ടികൾക്ക് L.S.S. സ്കോളർഷിപ്പ് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെ ജനുവരി മാസം മുതൽ സ്കോളർഷിപ്പ് പരീക്ഷവരെ എല്ലാ ദിവസവും 4 മുതൽ 5 മണിവരെ തെരഞ്ഞെടുക്കപ്പെട്ട കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. 4-ാം ക്ലാസ്സിലെ ക്ലാസ്സധ്യാപികക്കായിരിക്കും ഇതിന്റെ ചുമതല.

# വിദ്യാലയം മികവിന്റെ കേന്ദ്രം- കാഴ്ചപ്പാട്

- പഠനം രസകരമായ അനുഭവമായി കുട്ടികൾക്ക് തോന്നാൻ വേണ്ടിയുള്ള അക്കാദമിക - ഭൗതിക സൗകര്യങ്ങൾ ഒരുക്കുക.
- പഠനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനു വേണ്ട പഠന-ബോധന സാമഗ്രികൾ തയ്യാറാക്കുന്നതിന് രക്ഷിതാക്കളെയും ഉൾപ്പെടുത്തി കൊണ്ടുള്ള വർക്ക്ഷോപ്പ് നടത്തുക.
- ഓരോ വിഷയവുമായി ബന്ധപ്പെട്ട ലാബുകൾ, വായനറൂം, മാജിക് ബോർഡ് എന്നിവയൊക്കെ ക്ലാസ്സുകളിൽ ഒരുക്കുക.
- നിത്യവും ഉയർന്ന ഹാജർ നില ഉണ്ടാകുന്നതിനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടപ്പാക്കൽ.
- കലാ കായിക പ്രവൃത്തി പരിചയ സർഗ്ഗാത്മക കഴിവുകളുടെ പരിപോഷണം സാധ്യമാക്കുന്നതിനുള്ള സാഹചര്യങ്ങൾ ഒരുക്കുക.
- സാൻമാർഗ്ഗിക മൂല്യങ്ങൾ കുട്ടികൾക്കു പകർന്നു നല്കുക.
- മാനസിക-വൈകാരിക ആരോഗ്യം മെച്ചപ്പെടുത്തി നില നിർത്തുക
- പോഷകസമ്പുഷ്ടമായ ഭക്ഷണം നൽകുന്നതിലൂടെ ആരോഗ്യം ഉറപ്പുവരുത്തുക.
- ഓരോ കുട്ടിയുടെയും കുടുംബ പശ്ചാത്തലം അറിയുന്നതിന് ഗൃഹ സന്ദർശനം നടത്തുക
- കാർഷിക പ്രവർത്തനങ്ങളിൽ കുട്ടികളെയും രക്ഷിതാക്കളെയും പങ്കെടുപ്പിക്കുക
- പ്രകൃതി സ്നേഹം വളർത്തുന്നതിനനുയോജ്യമായ പശ്ചാത്തലം വിദ്യാലയത്തിൽ ഒരുക്കുക
- ശാസ്ത്ര, ഗണിത ലാബുകൾ സജ്ജീകരിച്ച് പഠനം അനായാസവും രസകരവുമാക്കൽ.

- ലൈബ്രറിയുടെ ഉപയോഗം രക്ഷിതാക്കൾക്കും പ്രാപ്തമാക്കുക.
- യോഗ്യതയുള്ള രക്ഷിതാക്കളുടെയും സമൂഹത്തിലെ പ്രഗൽഭരായവരുടേയും സേവനം കുട്ടികളുടെ അക്കാദമിക വളർച്ചയ്ക്കും വ്യക്തിത്വവികസനത്തിനും വേണ്ടി പ്രയോജനപ്പെടുത്തുക.
- അക്കാദമിക അനക്കാദമിക രംഗത്ത് മുൻപന്തിയിൽ നില്ക്കുന്ന വിദ്യാർത്ഥികളെ ഉചിതമായ രീതിയിൽ പ്രോത്സാഹിപ്പിക്കുക
- സമൂഹത്തിന്റെയും വിദ്യാഭ്യാസ ഏജൻസികളുടെ വിവിധരീതിയിലുള്ള സേവനങ്ങൾ വിദ്യാലയത്തിനു ലഭ്യമാക്കുക.
- മോണിറ്ററിംഗ് രീതി കാര്യക്ഷമമാക്കുക.
- PTA, MPTA എന്നിവയുടെ സഹായ സഹകരണങ്ങൾ വിദ്യാലയ പ്രവർത്തനങ്ങൾക്ക് പരമാവധി പ്രയോജനപ്പെടുത്തുക.

## 2018 -19 മുതൽ നടന്ന വിദ്യാലയ വികസന പ്രവർത്തനങ്ങൾ

1997 ൽ പുതിയ കെട്ടിടം നിർമ്മിക്കപ്പെട്ടത് മുതൽ 2017 – 18 വരെ നടന്ന വികസന പ്രവർത്തനങ്ങൾ 2018 – 19 ലെ അക്കാദമിക മാസ്റ്റർ പ്ലാനിൽ വിവരിച്ചിട്ടുണ്ട് . തുടർന്ന് നടന്ന പ്രവർത്തനങ്ങൾ താഴെ ചേർക്കുന്നു.

- **K G** കുട്ടികൾക്കായി **Kids Park** ഉം കളിയുപകരണങ്ങളും
- **K G** ക്ലാസ് മുറികൾ ചിത്രങ്ങൾ വരച്ച് മനോഹരമാക്കൽ , പുതിയ ഇരിപ്പിടങ്ങൾ സജ്ജീകരിക്കൽ
- ഒന്ന് മുതൽ നാല് വരെ ക്ലാസ് മുറികളിൽ Lap top , Projector, Internet സൗകര്യങ്ങൾ നൽകി വിദ്യാലയം സമ്പൂർണ്ണ ഹൈടെക് ആക്കൽ.
- എല്ലാ ക്ലാസ് മുറികളുടെയും ചുമരുകൾ ചിത്രം വരച്ച് ആകർഷകമാക്കൽ
- എല്ലാ ക്ലാസ് മുറികളിലും ഫാനുകൾ , ലൈറ്റ് സ്ഥാപിക്കൽ
- പുരത്തിൽ പുനർനിർമ്മാണം നടത്തി .
- ആസ്ബസ്റ്റോസ് ഷീറ്റുകൾ മാറ്റി അലുമിനിയം ഷീറ്റ് വിരിച്ച് ഫാൾസ് സീലിംഗ് ചെയ്തു
- ക്ലാസ് റൂമുകൾ തമ്മിൽ വേർതിരിച്ചിരുന്ന വുഡൻ സ്ക്രീൻ മാറ്റി ഇട ഭിത്തി നിർമ്മിക്കൽ
- **Office Room** സൗകര്യ പ്രദവും ആകർഷകവുമായി പുനർനിർമ്മിക്കൽ.
- കൂടുതൽ വിശാലവും മനോഹരമായി ഡിസൈൻ ചെയ്യപ്പെട്ടതും ആയ മുറിയിലേക്ക് ലൈബ്രറി മാറ്റി സ്ഥാപിക്കൽ, പുസ്തക ശേഖരം വർദ്ധിപ്പിക്കൽ.
- പൂന്തോട്ടം , കൃഷിത്തോട്ടം ,ഔഷധത്തോട്ടം ഒരുക്കൽ, ജൈവവൈവിധ്യം വിപുലീകരിക്കൽ.
- മൂത്രപ്പുര കക്കൂസുകൾ തീർത്തു ഉപയോഗ യോഗ്യമാക്കൽ
- വാഷിംഗ് ഏരിയ അറ്റകുറ്റ പണികൾ തീർത്തു തൃപ്തികരമാക്കൽ
- ചിൽഡ്രൻസ് പാർക്ക് വിപുലീകരണം , ചുറ്റും കമ്പി വേലി കെട്ടൽ
- രക്ഷിതാക്കളെ പങ്കെടുപ്പിച്ചു കൊണ്ട് ആഘോഷങ്ങളെ ആസ്വാദ്യകരമാക്കൽ e. g ഓണം , ക്രിസ്തുമസ് , കുട്ടികളുടെ പിറന്നാൾ ആഘോഷവും സദ്യയും .
- മഴയും വെയിലും ഏൽക്കാതെ മോർണിംഗ് അസംബ്ലി നടത്തുന്നതിന് open hall നിർമ്മിച്ചു.
- open satge നിർമ്മിച്ചു
- ICICI ഫൗണ്ടേഷന്റെ സഹായത്തോടു കൂടി സൗരോർജ്ജ സംവിധാനം നിർമ്മിച്ചു

നേട്ടങ്ങൾ

- **2019 - 20 Best P T A Award in MALA Sub- Dist.,** മാള സബ് ജില്ലാ **Best L P School** ഓവറോൾ ട്രോഫി , ഒരു **LSS** വിജയികൾ , പഞ്ചായത്ത് തല വിജ്ഞാനോത്സവങ്ങളിൽ ഒന്നാം സ്ഥാനം . CONTINUOSLY UPTO 2024 -25
- 2020 – 21 വർഷം നാല് **LSS** വിജയികൾ.

- 2024 - 25 വർഷം 2 **LSS** വിജയികൾ.
- 2024 - 25 HARITHA VIDYALAYAM A GRADE
- ICICI SOLAR INTEGRATED ELECTRICITY
- KUTTIKALUDE HARITHA SABHA 2ND PRIZE
- KALA PRAVARTHI PARICHAYA MELAKALIL A GRADES
-

മേഖല : ഭൗതികം

ഉപ മേഖല : നിർമാണ പ്രവർത്തനങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികൾ ക്ളാസ് മുറികളിൽ ഭക്ഷണ കഴിക്കുന്നത് ഒഴിവാക്കി സൗകര്യപ്രദമായ സ്ഥലത്തിരുന്നു ഭക്ഷണം കഴിക്കൽ | ഡൈനിങ്ങ് ഹാളും അനുബന്ധ ഫർണീച്ചറുകളും ഒരുക്കുക | MLA Fund | 3 Months | Rs. 5,00,000/- |
| • ക്ളാസ് മുറികൾ ആകർഷകമാക്കൽ | ക്ളാസ് മുറികളിലും വരാന്തയിലും തറ ടൈൽ വിരിക്കൽ വരാന്തക്കു ഇളം തിണ്ണ കെട്ടൽ | OSA , PARENTS , TEACHERS , NGOs | 3 to 6 months | Rs. 8,00,000/- |
| • ശരീരത്തിനും മനസ്സിനും കുളിർമ പകരുന്ന അന്തരീക്ഷം സൃഷ്ടിക്കൽ | വെയിലിന്റെ തീവ്രമായ ചൂടിൽ നിന്നും ആശ്വാസം കിട്ടാൻ വിദ്യാലയാങ്കണത്തിൽ ജൈവ പന്തൽ ഒരുക്കൽ | Krishibhavan ,MPTA | 1 TO 2 MONTHS | Rs. 5,000/- |
| • വാർഷികാഘോഷവും മറ്റു പരിപാടികളും ഭംഗിയായി നടത്തുക | സ്റ്റേജിനു മേൽക്കൂര നിർമിക്കൽ<br><br>**Assemblyhall** ഓഡിറ്റോറിയം ആയി വികസിപ്പിക്കാൻ അതിലേക്കു ആവശ്യമായ ഫർണീച്ചറുകൾ സജ്ജീകരിക്കൽ | **Mobilisation through Culturalor other activities** | 1 year | Rs. 5,00,000/- |

# മേഖല: അക്കാദമികം

## ഉപമേഖല: ഭാഷ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | നിർവഹണകാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • അർത്ഥ പൂർണ്ണ മായ വായന സാ ധ്യമാവുന്നതിന്<br>• സാഹിത്യഭിരുചി വളർത്തുന്നതിന് | • നിത്യേനയുള്ള പാഠവായന<br>• അനിയോജ്യമായ വായനാ മൂല<br>• സ്കൂൾ ലൈബ്രറിയുടെ ശരിയായ ഉപയോഗം.<br>• പത്രവായന അസംബ്ലിയിൽ<br>• വായനാ പക്ഷാചരണം- പ്രവർത്തനങ്ങൾ<br>→ വായനാനുഭവം പങ്കുവയ്ക്കൽ<br>→ വായനാകുറിപ്പ് തയ്യാറാക്കൽ-അവതരിപ്പിക്കൽ<br>→ വായന മത്സരം<br>→ പുസ്തക പരിചയവും സാഹിത്യകാരൻമാരെ പരിചയപ്പെടലും<br>→ എന്റെ പിറന്നാൾ സമ്മാനം - ലൈബ്രറിയിലേക്ക് പുസ്തക സംഭാവന ജൻമദിനത്തിൽ | ക്ലാസ്സ് ടീച്ചർ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | ജൂൺ മുതൽ മാർച്ച് വരെ<br><br>വായന പക്ഷാചരണം **June 19** മുതൽ രണ്ടാഴ്ചക്കാലം<br><br>വർഷം മുഴുവൻ | PTA<br>OSA<br><br>Sponsership<br><br>5000/- |

| | | | | |
|---|---|---|---|---|
| | • ഇനിയും പുസ്തകങ്ങൾ: ലൈബ്രറിയിലേക്ക് പുസ്തകം സമാഹരിക്കൽ<br>• ഇ-വായന - ICT സാദ്ധ്യത പ്രയോജനപ്പെടുത്തൽ<br>• വിദ്യാരംഗം കലാസാഹിത്യ വേദി - മാസത്തിൽ ചേർന്ന് മാഗസിൻ<br>• എന്റെ രചനാബുക്ക് - ഓരോ കുട്ടിക്കും സ്വതന്ത്രരചന യ്ക്കായി ഒരു നോട്ട് ബുക്ക് | ക്ലാസ്സ് ടീച്ചർ | മാസത്തിലൊരിക്കൽ | |
| • അക്ഷരതെറ്റില്ലാതെ എഴുതുന്നതിനും സ്വതന്ത്ര രചന നിർവ്വഹിക്കുന്നതിനും | • പ്രീ ടെസ്റ്റ്<br>• അക്ഷരം ഉറപ്പിക്കൽ - മണലെഴുത്ത്<br>• അക്ഷരക്കാർഡ് - അക്ഷര ചാർട്ട്, പദച്ചാർട്ട്<br>• പദകാർഡ്, പദസൂര്യൻ, പദം കേളി എന്നീ പ്രവർത്തനനങ്ങൾ<br>• ചിഹ്നം ഉറപ്പിക്കൽ- ആഭരണമണിയിക്കൽ, വായനാസാമഗ്രിയിൽ നിന്ന് ഒരേ ചിഹ്നം വരുന്ന പദങ്ങൾ കണ്ടെത്തി എഴുതൽ, വർക്ക് ഷീറ്റ് പൂർത്തീകരിക്കൽ, കേട്ടെഴുത്ത് ചിഹ്നം ചേർത്ത് പുതിയ പദങ്ങൾ | ക്ലാസ്സ് ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ | SSA<br>PTA<br>5000/- |

| | | | | |
|---|---|---|---|---|
| • വായനയിലേയും ലേഖനത്തിലേയും പിന്നോക്കാവസ്ഥ പരിഹരിക്കൽ | നിർമ്മിക്കൽ, കോപ്പിയെഴുത്ത്<br>• വായനാകാർഡുകൾ, ചെറിയ ലൈബ്രറി പുസ്തകങ്ങൾ, കഥാചാർട്ടുകൾ എന്നിവ വായനക്കായി ഉപയോഗിക്കുന്നു.<br>• പ്രത്യേക പരിശീലനത്തിലൂടെ കൊച്ചു കഥകളും, കവിതകളും ആംഗ്യപ്പാട്ടുകളും വിവിധ വേദികളിലും ക്ലാസ്സ് പി.ടി.എ.യിലും അവതരിപ്പിക്കൽ<br>• പ്രത്യേക വായനാ മത്സരം<br>• മണലെഴുത്ത്<br>• കോപ്പിയെഴുത്ത്<br>• വർക്ക്ഷീറ്റ്<br>• സൂചനകളിൽ നിന്ന് കഥ, കവിത എന്നിവ പൂരിപ്പിക്കൽ, പദസൂര്യൻ, ആഭരണമണി യിക്കൽ ചിഹ്നം ചേർത്ത് പുതിയ പദങ്ങൾ നിർമിക്കൽ | ക്ലാസ്സ് ടീച്ചർ | 4 മാസം | SSA |
| | • മലയാളത്തിളക്കം പദ്ധതി- കഥാവായന, കവിത കേൾക്കൽ, കവിതാ വായന, സി.ഡികാണിക്കൽ, വാക്യങ്ങൾ എഴുതൽ, തെറ്റുതിരുത്തൽ, സ്വന്തം രചന, | ക്ലാസ്സ് ടീച്ചർ | എല്ലാദിവസവും 1 മണിമുതൽ 2 മണിവരെ | 500/- |

| | | | | |
|---|---|---|---|---|
| • സർഗ്ഗാത്മകശേഷി വികസിപ്പിക്കുന്നതിന് | തെറ്റു വരുത്തുന്ന സ്വരചിഹ്നങ്ങൾക്ക് ഊന്നൽ നൽകി ലേഖനാഭ്യസനം, ആഴ്ചയിലൊരിക്കൽ ടെസ്റ്റ് നടത്തൽ, പ്രോത്സാഹന സമ്മാനം നൽകൽ. പ്രവർത്തനങ്ങൾ കൃത്യമായി രേഖപ്പെടുത്തൽ സ്വതന്ത്രരചന- കുറിപ്പ്, ഡയറി, വിവരണം അടികുറിപ്പു നിർമ്മാണം ദൃക്സാക്ഷി വിവരണം തയ്യാറാക്കൽ പ്രസംഗം തയ്യാറാക്കൽ ആത്മകഥ, ജീവചരിത്രക്കുറിപ്പ് തയ്യാറാക്കൽ<br>• കഥാരചന<br>• കവിതാ രചന<br>• വായനക്കുറിപ്പെഴുതൽ<br>• ആസ്വാദന കുറിപ്പെഴുതൽ<br>• ചുമർ പത്രിക<br>• മാഗസിൻ നിർമ്മാണം<br>• പോസ്റ്റർ രചന<br>• പതിപ്പു നിർമ്മാണം<br>• പഠനസ്മരണിക, കുട്ടികളുടെ രചനകളും പോർട്ട് ഫോളിയോഗം മറ്റ് പ്രവർത്തനങ്ങളും രേഖപ്പെടുത്തിയ ഒരു പത്രം പ്രസിദ്ധീകരിക്കൽ | ക്ലാസ്സ് ടീച്ചർ രക്ഷിതാക്കൾ | ജൂൺ മുതൽ മാർച്ച് വരെ | **PTA 2000/-**<br><br>P.T.A<br>പരസ്യങ്ങളിൽ നിന്നും 5000/- |

| | | | | |
|---|---|---|---|---|
| | • സ്വന്തം രചനകൾ ക്ലാസ്സ് പി.ടി.എ. കോർണർ പി.ടി.എ. ബാലസഭ. അസംബ്ലി എന്നിവയിൽ അവതരിപ്പിക്കൽ<br>• കലാപരിപാടികൾ അസംബ്ലി. ബാല സഭ എന്നിവയിൽ അവതരിപ്പിക്കൽ<br>• വാർഷികാഘോഷത്തോടനുബന്ധിച്ച് രചനാ മത്സരങ്ങൾ നടത്തി സമ്മാനം നൽകൽ. | | | |

ഉപമേഖല: ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | നിർവ്വഹണകാലം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഇംഗ്ലീഷ് ഭാഷ അനായാസം ഉപയോഗി ക്കാനുള്ള കഴിവ് നേടുന്നതിന് | • ഇംഗ്ലീഷിലുള്ള കഥകൾ, പത്രവാർത്തകൾ. പ്രസംഗ ങ്ങൾ എന്നിവ കേൾക്കാനുള്ള അവസരംഒരുക്കൽ<br>• വിനോദപരിപാടികൾ യാത്രവിവരണങ്ങൾ എന്നിവയ്ക്കായി ഐ.സി.ടി സാധ്യത പ്രയോജന പ്പെടുത്തൽ<br>• Word Games<br>Role play<br>Drama<br>Skit<br>Chorography എന്നീ ക്ലാസ്സ്റൂം പ്രവർത്തനങ്ങൾ<br>• വ്യക്തിഗതമായി കവിത ചൊല്ലൽ<br>• ആശയവിനിമയത്തിനായി ഇംഗ്ലീഷ് ഭാഷാ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തൽ<br>• ഭാഷാവിദഗ്ധരുടെസേവനംപ്രയോജനപ്പെടുത്തൽ<br>ഇംഗ്ലീഷ് അസംബ്ലി<br>Hello English<br>- Games<br>- Story telling<br>- Rhymes<br>- Reader's theatre | ഇംഗ്ലീഷ് ടീച്ചർ<br>ക്ലാസ്സ് ടീച്ചർ | എല്ലാ പ്രവൃത്തി ദിവസങ്ങളിലും | **OSA**<br>**PTA**<br>**2000/-** |
| ഇംഗ്ലീഷ് ഭാഷ ലേഖനത്തിനുള്ള | • കഥാരചന, റൈം പൂരിപ്പിക്കൽ, സംഭാഷണരചന, കടങ്കഥ-വേഡ് ഗെയിംസ്, പദപ്രശ്നം പൂരിപ്പി | ക്ലാസ്സ് ടീച്ചർ | | |

| | | | | |
|---|---|---|---|---|
| കഴിവ് വളർത്തൽ<br><br>ഇംഗ്ലീഷ് അനായാസം വായിക്കുന്നതിനുള്ള ശേഷി വികസിപ്പിക്കൽ<br><br>ഇംഗ്ലീഷ് ഭാഷയിൽ വായന ലേഖനം ആശയവിനിമയം എന്നിവയിലുള്ള . പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് | ക്കൽ, വിവരണം തയ്യാ റാക്കൽ- ചിത്രത്തിൽ നിന്ന് കഥയെഴുതൽ, കഥയിൽ നിന്ന് വാക്യങ്ങൾ ക്രമപ്പെടുത്തി എഴുതൽ വ്യാകരണപരിശീലനം പദസൂര്യൻ<br>- Picture card, Matching card എന്നിവയുടെ ഉപയോഗം<br>- ലൈബ്രറിഉപയോഗം<br>- പുസ്തക വായന-വായനമൂല (കഥ, കവിത, വിവരണം)<br>- പത്രവായന<br>• Pre-test<br>• അക്ഷരമാല ഉറപ്പിക്കൽ -<br>-അക്ഷര കാർഡ്<br>-അക്ഷരച്ചാർട്ട്<br>-കോപ്പി എഴുതൽ<br>• പദങ്ങളും, വാചകങ്ങളും എഴുതിയ ചാർട്ടുകൾ വായിക്കാൻ അവസരം ഒരുക്കൽ<br>- ഗ്രാഫിക് റീഡിങ്ങ്<br>-ഫ്ളാഷ് കാർഡ്, മാച്ചിംഗ് കാർഡ് എന്നിവയുടെ ഉപയോഗം.<br>- ഇംഗ്ലീഷ് വേഡ്, ഗെയിംസ്<br>- -ഹലോ ഇംഗ്ലീഷ് | എസ്.<br>ആർ.ജി<br>ഇംഗ്ലീഷ്<br>ക്ലബ്<br>ക്ലാസ്സ്<br>ടീച്ചർ | ജൂൺ മുതൽ മാർച്ച് വരെ<br><br>ജൂൺ ആദ്യവാരം എല്ലാ പ്രവൃത്തി ദിവസങ്ങളിലും | **SSA 500/-**<br><br>**PTA 1000/-** |

ഉപമേഖല: ഗണിതം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| സംഖ്യാബോധം ഉറപ്പിക്കുന്നതിന്<br><br>• ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നതിനും പ്രായോഗിക പ്രശ്നങ്ങൾ അപഗ്രഥിച്ചു നിർധാരണം ചെയ്യുന്നതിനും | • സംഖ്യാ ചാർട്ട്, അബാക്കസ്, കളി നോട്ട്, സ്ഥാന വില പോക്കറ്റ്, ഗണിത ലാബ് തുടങ്ങിയവ ഉപയോഗിച്ചുള്ള ബോധനം<br>• ഗണിതകേളികളിൽ ഏർപ്പെടൽ<br>• ബോധന സാമഗ്രികൾ തയ്യാറാക്കൽ<br>• ഐ.സി.ടി, ഗണിത ലാബ് എന്നിവ ഉപയോഗിച്ച് സങ്കലന - വ്യവകലന ക്രിയകൾ ഉറപ്പിക്കൽ<br>• ഗുണന വസ്തുതകൾ രൂപീകരിക്കൽ<br>• ഗുണനക്രിയകൾ വിവിധരീതിയിൽചെയ്യൽ<br>• പ്രായോഗിക പ്രശ്ന ങ്ങളുടെ അപഗ്രഥനവും നിർധാരണവും<br>• എളുപ്പവഴിയിൽ ഗുണനക്രിയകൾ ചെയ്യൽ<br>• ആവർത്തന വ്യവക ലനം, ഗുണന വസ്തുത ഇവയുമായിബന്ധ പ്പെടുത്തി ഹരണ ക്രി യകൾ ചെയ്യൽ<br>• രണ്ടു രണ്ടക്ക സംഖ്യകൾ തമ്മിലുള്ള ഗുണനം | അതാതു ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ<br><br>ക്ലാസ്സദ്ധ്യാപകർ, വിദ്യാർത്ഥികൾ<br><br>ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | 2 മാസം<br><br>5 മാസം | എസ്.എസ്.എ 250 |

| | | | | |
|---|---|---|---|---|
| • അളവുകൾ തൂക്കങ്ങൾ എന്നിവയെ കുറിച്ച് ധാരണ കൈവരിക്കുന്നതിനും ഉപകരണങ്ങൾ കൈകാര്യം ചെയ്യുന്നതിനും | • നീളം, ഉള്ളളവ്, ഭാരം എന്നിവയുടെ ഏകകങ്ങൾ പരിചയപ്പെടൽ<br>• ഉപകരണങ്ങൾ ഉപയോഗിക്കൽ, നിർമിക്കൽ<br>• പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ, പ്രായോഗിക പ്രശ്നങ്ങൾ നിർമിക്കൽ | ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | 1 മാസം | പി.ടി.എ 250 |
| • യുക്തി ചിന്തനം സമർത്ഥനം<br>• | • സംഖ്യാ പാറ്റേൺ, ചിത്ര പാറ്റേൺ എന്നിവ പൂരിപ്പിക്കൽ, രൂപീകരിക്കൽ, അവയുടെ യുക്തി പറയൽ | ക്ലാസ്സദ്ധ്യാപകർ, വിദ്യാർത്ഥികൾ | 2 ആഴ്ച | |
| • രൂപങ്ങൾ തിരിച്ചറിയുന്നതിനും അവയുടെ ചുറ്റളവ് കാണുന്നതിനും | • ചതുരം, വൃത്തം, ത്രികോണം എന്നീ ആകൃതിയിലുള്ള വസ്തുക്കൾ നിരീക്ഷിച്ച് ധാരണ കൈവരിക്കൽ<br>• വിവിധ രൂപങ്ങൾ നിർമിക്കൽ<br>• അവയുടെ ചുറ്റളവ് കാണൽ<br>പ്രശ്നാപഗ്രഥനം | ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | 2 ആഴ്ച | |
| • ഗണിതപഠനത്തിൽ മുന്നോക്കക്കാർക്ക് അധിക പ്രവർത്തനങ്ങൾ നൽകി ഗണിത ശേഷി വർധിപ്പിക്കുന്നതിന് | • ഗണിതക്വിസ്, ഗണിതോത്സവം സംഘടിപ്പിക്കൽ (ഗണിതശേഷിയുമായി ബന്ധപ്പെട്ട പഠന-ബോധന സാമഗ്രികൾ, ചാർട്ടുകൾ, പോർട്ട്ഫോളിയോ, ഗണിതമാഗസിൻ ഇവയുടെ പ്രദർശനം)<br>• മാഗസിൻ നിർമ്മാണം<br>• ഒന്നാമനാവാൻ: എൽ.എസ്.എസ്. | ഹെഡ്മാസ്റ്റർ, 3,4 ക്ലാസ്സുകളിലെ ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | 1 മാസം | എസ്.എസ്.എ 500 |

| | | | | |
|---|---|---|---|---|
| • ഗണിതപഠനത്തിൽ പിന്നോക്കം നിൽക്കുന്നവരെ മെച്ചപ്പെടുത്തുന്നതിനും ഗണിത പഠനതാല്പര്യം വളർത്തുന്നതിനും | സ്കോളർഷിപ് നേടുന്നതിനും ക്വിസ്മത്സരങ്ങളിൽ പങ്കെടുക്കുന്നതിനും പ്രത്യേക പരിശീലനം.<br>• സംഖ്യാബോധം, സ്ഥാനവില, ചതുഷ്ക്രിയകൾ എന്നിവ ഉറപ്പിക്കുന്നതിനുള്ള ഗണിത കേളികൾ<br>• ലളിതമായ പ്രശ്നങ്ങൾ അപഗ്രഥനം ചെയ്തു നിർധാരണം ചെയ്യൽ<br>• എന്റെ ചങ്ങാതി: ഗണിതത്തിൽ സമർത്ഥനായ ഒരു ചങ്ങാതിയിൽ നിന്നും പഠനസഹായം ഉറപ്പാക്കൽ<br>• ശ്രദ്ധ-പദ്ധതിയിൽപ്പെടുത്തി വ്യക്തിഗതബോധനം | ക്ലാസ്സദ്ധ്യാപകർ, കുട്ടികൾ | 4 മാസം | |

## ഉപമേഖല: പരിസര പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • പരിസരനിരീക്ഷണങ്ങളിലൂടെ ശാസ്ത്രീയ മനോഭാവം വളർത്തുന്നതിന് | • മൂർത്ത-അമൂർത്ത വസ്തുക്കളുടെ അനുഭവം നിരീക്ഷിച്ചു രേഖപ്പെടുത്തൽ<br>• പരീക്ഷണങ്ങളിൽ ഏർപ്പെട്ടു നിഗമനം രൂപീകരിക്കൽ<br>• പഞ്ചേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തുന്നതിലൂടെ ശാസ്ത്രവസ്തുതകൾ മനസ്സിലാക്കൽ<br>• പഠനയാത്രകൾ | ഹെഡ്മാസ്റ്റർ, ക്ലാസ്സദ്ധ്യാപകൻ, പി.ടി.എ | ഒരു വർഷം | |
| • പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ താല്പര്യം വളർത്തുന്നതിന് | • ഹരിതവനം-വിദ്യാലയത്തിൽ നട്ടിട്ടുള്ള വൃക്ഷത്തൈകളുടെ പരിപാലനം<br>• പോസ്റ്റർ പ്രദർശനം, റാലി ദിനാചരണങ്ങൾ, ജൈവ-അജൈവ മാലിന്യ ങ്ങൾ വേർതിരിക്കൽ, വീടുകളിൽ കയറി ബോധവത്ക്കരണം തുടങ്ങിയ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടൽ. | ഹെഡ്മാസ്റ്റർ, 3,4ക്ലാസ്സുകളിലെ ക്ലാദ്ധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർത്ഥികൾ | ഒരു വർഷം | പി.ടി.എ 1500/- |

| | | | | |
|---|---|---|---|---|
| • കൃഷിയോട് ആഭിമുഖ്യവും പ്രകൃതി സ്നേഹവും വളർത്തുന്നതിന് | • വിദ്യാലയത്തിലെ പച്ചക്കറിത്തോട്ടം (കാർഷികപ്പുര) പരിപാലനം,<br>• പൂന്തോട്ട പരിപാലനം<br>• അക്വേറിയം, പക്ഷിക്കൂട്, ആമ്പൽകുളം എന്നിവയുടെ പരിപാലനം<br>• പാഷൻ ഫ്രൂട്ട് പന്തൽ പരിപാലനം | ഹെഡ്മാസ്റ്റർ, അമ്പിളി ടീച്ചർ, ജിഷ ടീച്ചർ, കാർഷിക ക്ലബ്, പരിസ്ഥിതി ക്ലബ് അംഗങ്ങൾ, പി.ടി.എ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ | ഒരു വർഷം | പി.ടി.എ<br>**4000/-** |
| • ശുചീകരണ പ്രവർത്തനങ്ങളിൽ ആഭിമുഖ്യം വളർത്തുന്നിനും ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിനും | • ഡ്രൈഡേ ആചരണം<br>• വ്യക്തി ശുചിത്വ മോണിറ്ററിംഗ്<br>• ശുചിത്വ പാലന ചാർട്ട് തയ്യാറാക്കൽ<br>• ക്ലാസ്സ് റൂം, ടോയ്‌ലെറ്റ്, അടുക്കള ശുചീകരണം<br>• വിദ്യാലയ പരിസരം വൃത്തിയാക്കൽ<br>• ആരോഗ്യബോധവത്ക്കരണ ക്ലാസ്സുകൾ<br>• ആരോഗ്യ പരിശോധന<br>• പ്രതിരോധ ചികിത്സാക്യാമ്പുകൾ<br>• ആരോഗ്യവാർത്താ വായന,<br>• പോഷകാഹാര ലഭ്യത | ഹെഡ്മാസ്റ്റർ, ടീച്ചർ, ഹെൽത്ത് ക്ലബ്ബംഗങ്ങൾ, പാചകതൊഴിലാളി പി.ടി.എ | 1 വർഷം | |
| • മുന്നോക്കക്കാരുടെ ശ്സ്ത്രാഭിമുഖ്യം വികസിപ്പിക്കൽ | • വായനമൂല ഉപയോഗം<br>• വിജ്ഞാനോത്സവത്തിൽ പങ്കെടുക്കൽ<br>• ഉപജില്ലാതല ക്വിസ് മത്സരങ്ങൾക്ക് പരിശീലനം | 3,4 ക്ലാസ്സുകളിലെ ശാസ്ത്രാദ്ധ്യാപകർ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ | 8 മാസം | **O.S.A**<br>**S.S.A**<br>**2000/-** |

| | | | | |
|---|---|---|---|---|
| • പിന്നോക്കക്കാരിൽ ശ്സ്ത്രാഭിമുഖ്യം വികസിപ്പിക്കൽ | • പരീക്ഷണങ്ങളിലേർപ്പെടൽ<br>• സ്കോളർഷിപ്പ് പരീക്ഷ പരിശീലനം<br>• കാർഷിക ശുചീകരണ പ്രവർത്തനങ്ങളിൽ നേതൃസ്ഥാനം നൽകൽ<br>• പഠന -ബോധന സാമഗ്രി കളുടെ നിർമാണത്തിൽ പങ്കാളികളാക്കൽ<br>• പാഠ്യവസ്തുതയുമായി ബന്ധ പ്പെട്ട കളികൾ, ദിനചരണങ്ങൾ, റാലി എന്നിവയുടെ നേതൃത്വം<br>• പരിസ്ഥിതി, ഹെൽത്ത് ക്ലബ് ഭാരവാഹിത്വം | ഹെഡ്മാസ്റ്റർ, 3,4 ക്ലാസ്സുകളിലെ ക്ലാസ്സദ്ധ്യാപകർ, രക്ഷിതാക്കൾ, കുട്ടികൾ | 1 വർഷം | |

ഉപമേഖല: ശാരീരിക-മാനസിക -വൈകാരിക ആരോഗ്യം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കായികശേഷി വർദ്ധനവ്<br><br>• കലാഭിരുചി വളർത്തൽ | • കായിക പരിശീലനം നടത്തൽ<br>• കായിക മത്സരങ്ങൾ നടത്തി സമ്മാനങ്ങൾ നൽകൽ<br>• ഉപജില്ലാതല മത്സരത്തിൽ പങ്കെടുപ്പിക്കൽ<br>• വിജയികളെ അനുമോദിക്കൽ<br>• അസംബ്ലിയിലും ബാലസഭയിലും കലാപ്രകടനം<br>• കലാമത്സരങ്ങൾ<br>• സമ്മാനദാനം<br>• കലാപരിശീലനം<br>• സ്കൂൾ വാർഷികത്തിന് മുഴുവൻ വിദ്യാർ ത്ഥികളെയും ഉൾപ്പെടുത്തി കലാവിരുന്ന്<br>• ഉപജില്ലാതല കലാമത്സരങ്ങളിൽ പങ്കെടുപ്പിക്കൽ, അനുമോദിക്കൽ<br>• വിദ്യാലയ കലാപരിപാടികളിൽ രക്ഷിതാക്കളെ പങ്കെടുപ്പിക്കൽ | ഹെഡ്മാസ്റ്റർ, അതാതു ക്ലാസ്സദ്ധ്യാപകർ, പി.ടി.എ<br><br>ഹെഡ്മാസ്റ്റർ, അതാതു ക്ലാസ്സദ്ധ്യാപകർ, പി.ടി.എ, വിദ്യാർത്ഥികൾ | ആഗസ്റ്റ് മാസം മുതൽ മാർച്ച് വരെ | പി.ടി.എ 1000/- |

| | | | | |
|---|---|---|---|---|
| • മാനസിക - വൈകാരിക ആരോഗ്യം ശക്തിപ്പെടുത്തൽ | • അധ്യാപകരുടെയും രക്ഷിതാക്കളുടെയും സൗഹാർദപരമായ പെരുമാറ്റം<br>• ലിംഗ സമത്വ മനോഭാവം വളർത്തൽ<br>• മൂല്യബോധന ക്ലാസ്സുകൾ<br>• ദിനാചരണങ്ങൾ- പ്രഭാഷണങ്ങൾ<br>• ബോധവൽക്കരണ ക്ലാസ്സുകൾ<br>• ജാഗ്രതസമിതി<br>• കലാ-കായിക പരിപാടികളിൽ തുല്യപ്രാതിനിധ്യം<br>• ക്ലാസ്സ് പി.ടി.എ കളിൽ അധ്യാപികയുടെ ഗുണാത്മക അവതരണം<br>• പരീക്ഷാവിജയങ്ങളിൽ അഭിനന്ദിക്കൽ<br>• പിന്നോക്കക്കാരെ പ്രോത്സാഹിപ്പിക്കൽ<br>• കളികൾ<br>• പഠനയാത്രകൾ | ഹെഡ്മാസ്റ്റർ, ക്ലാസ്സദ്ധ്യാപകർ, പി.ടി.എ. ഒ.എസ്.എ | 1 വർഷം | |

# ഉപമേഖല: ICT

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലയളവ് | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭാഷ, ഗണിതം, പരിസര പഠനം, ഇംഗ്ലീഷ് എന്നി വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനപ്രവർത്തനങ്ങൾക്ക് സഹായം | • കഥ, കവിത കേൾക്കൽ<br>• സാഹിത്യകാരന്മാരുടെയും അവരുടെ കൃതികളെയും പരിചയപ്പെടൽ<br>• വിവരശേഖരണം<br>• ഗണിതകേളികൾ<br>• റൈം, സ്റ്റോറി, ആക്ഷൻ സോങ്ങ് തുടങ്ങിയ കണ്ടും കേട്ടും എൽ. ആർ. എസ്. ഡബ്ലിയു. സ്കിൽ വർധിപ്പിക്കൽ<br>• പരിസര പഠനവുമായി ബന്ധപ്പെട്ട ചിത്രങ്ങൾ, വിരണങ്ങൾ, വീഡിയോകൾ തുടങ്ങിയവ കാണൽ | ക്ലാസ്സദ്ധ്യാപകൻ ഐ.സി.ടി അധ്യാപിക | ജൂൺ മുതൽ മാർച്ച് വരെ ആഴ്ചയിൽ 2 മണിക്കൂർ വീതം | |

# മേഖല സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | നിർവഹണം | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| • കുട്ടികളുടെ പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ അവലോകനം<br>• വിദ്യാലയത്തിന്റെ ദൈനംദിനപ്രവർത്തനങ്ങളിൽ (അനക്കാദമികം) മാതാപിതാക്കൾ പങ്കാളികളാക്കുക<br>• കുട്ടികളുടെ ഇംഗ്ലീഷ് ഭാഷ പ്രാവീണ്യം വളർത്തുക. കലാ കായിക പ്രവൃത്തി പരിചയശേഷികൾ വികസിപ്പിക്കുക | •ക്ലാസ്സ് പി.ടി.എ, കോർണർ പി.ടി.എ:- വിവിധ വിഷയങ്ങളിലെ CE, TE, Grade വിലയിരുത്തൽ, unit test, port folio വിലയിരുത്തൽ, സർഗാത്മക പ്രകടനങ്ങളുടെ വിലയിരുത്തൽ, മീറ്റിംഗിന്റെ നടത്തിപ്പ് കുട്ടികൾ സ്വയം നിർവഹിക്കൽ<br>•ദ്വിമാതാ വാരസംഗമം- എല്ലാബുധ നാഴ്ചകളിലും 2 അമ്മമാർ വീതം വിദ്യാലയത്തിലെത്തി പൂന്തോട്ട-കൃഷിത്തോട്ട പരിപാലനം, ശുചീകരണ പ്രവർത്തനങ്ങൾ എന്നിവയിൽ പങ്കെടുക്കൽ, ഉച്ച ഭക്ഷണ പരിപാടിക്കും മറ്റും വേണ്ട ഗുണാത്മക നിർദ്ദേശങ്ങൾ നൽകുക | മാതാപിതാക്കൾ<br>ക്ലാസ്സ് അദ്ധ്യാപിക, വിദ്യാർത്ഥികൾ<br>അമ്മമാർ<br>വിദഗ്ദ്ധർ | മാസത്തിൽ ഒന്ന്<br>ആഴ്ചയിൽ ഒരുദിവസം | 500/- |

| | | | | |
|---|---|---|---|---|
| • വിദ്യാലയ വികസന പ്രവർത്തനങ്ങളിൽ സമൂഹത്തെ പങ്കെടുപ്പിക്കൽ | • പി.ടി.എ, ഒ.എസ്.എ, ക്ലബുകൾ, സന്നദ്ധസേവാ സംഘങ്ങൾ, വായനാ ശാലകൾ, വ്യക്തികൾ, വ്യാപാരികൾ ജനപ്രതിനി ധികൾ, സർക്കാർ ഏജൻസി കൾ, എന്നിവരുടെ സാമ്പത്തി കവും കായികവുമായ സഹകരണം വിദ്യാലയ വിക സന പ്രവർത്ത നങ്ങൾക്ക് പ്രയോജനപ്പെടുത്തുക | ഹെഡ്മാസ്റ്റർ, പി.ടി.എ | വർഷംമുഴുവൻ | |
| • വിദ്യാലയത്തിലെ ഗുണാത്മക പരിവർത്തനങ്ങൾ സമൂഹത്തെ അറിയിക്കൽ | • പത്രങ്ങൾ, ടെലിവിഷൻ ചാനലുകൾ, നവമാധ്യമങ്ങൾ എന്നിവയിലൂടെ വിദ്യാലയ ത്തിലെ മാറ്റങ്ങളും പ്രാധാന്യവുമുള്ള പ്രവർത്തന ങ്ങളും ദിനാചരണങ്ങളും വാർഷികാഘോഷവും മറ്റും സമൂഹത്തിലെത്തിക്കൽ | ഹെഡ്മാസ്റ്റർ അധ്യാപകർ, പി.ടി.എ | | |

| | | | | |
|---|---|---|---|---|
| • വിദ്യാലയ വിഭവങ്ങൾ സമൂഹത്തിനു പ്രയോജന പ്പെടുത്തൽ | • വിദ്യാലയത്തിലെ ലൈബ്രറി രക്ഷിതാക്കൾക്ക് ഉപയോഗി ക്കാൻ അവസരം നൽകൽ<br>• കമ്പ്യൂട്ടർ പരിശീലനത്തിന് അവസരമൊരുക്കൽ<br>• വാർഷികാഘോഷവേളകളിൽ രക്ഷിതാക്കളുടേയും പൂർവ്വ വിദ്യാർത്ഥികളുടേയും കലാ പരിപാടികൾക്ക് ഇടം നൽകൽ | പി.ടി.എ | വർഷംമുഴുവൻ<br>വർഷംമുഴുവൻ | |
| • വിദ്യാലയ പരിസരം വൃത്തി യായി പരിപാലി ക്കുന്നതിനും ജൈവവൈവിധ്യ ഉദ്യാനം ആകർഷകമാക്കു ന്നതിനും | • വിദ്യാലയ പരിസരത്തെ പുല്ലും കാടും സമയാസമയ ങ്ങളിൽ നീക്കം ചെയ്യുന്നതി നു | കുടുംബശ്രീ-തൊഴി ലുറപ്പു പ്രവർത്തകർ സന്നദ്ധ സേവന സംഘടനകൾ | 2 മാസത്തി ലൊരിക്കൽ | |
| • ''കാമ്പസ് ഒരു പാഠപുസ്തകം'' പദ്ധതി നടപ്പാക്കൽ | • പരിചിതമായ ചുറ്റുപാടുകളിൽ നിന്ന് നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അറിവു വർധിപ്പിക്കുന്നതിന് | പി.ടി.എ | വർഷംമുഴുവൻ | 25000/- |

| | | | | |
|---|---|---|---|---|
| | ഉതകും വിധം ജൈവവൈവിധ്യ ഉദ്യാനം വിപുലമാക്കൽ- [illegible]<br>• അക്വോറിയം, ജൈവ പന്തൽ പരിപാലനം<br>• വൃക്ഷത്തൈകൾ പരിപാലിക്കൽ<br>• കൂടുതൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കൽ<br>• ശലഭങ്ങളെ ആകർഷിക്കുന്ന ചെടികൾ നട്ടുപിടിപ്പിക്കൽ<br>• ഔഷധച്ചെടികൾ നട്ടുപിടിപ്പിക്കൽ | | | |
| • ഐ.സി.ടി ഉപയോഗപ്പെടുത്തി പഠനം കാര്യക്ഷമവും ലളിതവുമാക്കൽ | • സ്മാർട്ട് ക്ലാസ്സ് റൂം - എല്ലാ ക്ലാസ്സ് മുറികളിലും ലാപ്ടോപ്പും എൽ.സി.ഡി പ്രൊജക്റ്ററും സജ്ജീകരിച്ച് പഠനപ്രവർത്തനങ്ങൾക്ക് ഉപയോഗിക്കൽ | ജനപ്രതിനിധികൾ. വ്യവസായ ഗ്രൂപ്പുകൾ | | 2 ലക്ഷം |

| | | | | |
|---|---|---|---|---|
| | • എന്റെ പങ്കാളിത്തം - ഇംഗ്ലീഷിൽ പ്രാവീണ്യമുള്ള രക്ഷിതാക്കളോ പൂർവ്വ വിദ്യാർത്ഥികളോ വിരമിച്ച അധ്യാപകരോ വിദ്യാലയത്തിലെത്തി കുട്ടികൾക്ക് ക്ലാസ്സെടുക്കാം. കലാകായിക പ്രവൃത്തിപരിചയമേഖലകളിൽ വിദഗ്ദ്ധരായവരും ഇത്തരത്തിൽ കുട്ടികളെ പരിശീലിപ്പിക്കൽ. | വിദഗ്ദ്ധർ | | |
| • അധ്യാപകൻ കുട്ടിയെസമഗ്ര മായി അറിയൽ | • വീട്ടിലേക്ക്- ക്ലാസ്സധ്യാപിക മാസത്തിൽ 3 എന്ന കണക്കിന് വിദ്യാർത്ഥികളുടെ വീട്ടിലെത്തി കുടുംബാംഗങ്ങളോടു സംവരിച്ച്, ചുറ്റുപാടുകൾ മനസ്സിലാക്കി ഓരോ കുട്ടിയുടെയും ജീവിതസാഹചര്യങ്ങൾ മനസ്സിലാക്കൽ. | | ലഭ്യതയനുസരിച്ച് മാസത്തിൽ 3 തവണ | |

# സംയുക്ത ഡയറി

ആമുഖം

ദൈനം ദിന അനുഭവങ്ങളുടെ രേഖപ്പെടുത്തൽ കുട്ടിയെ സർഗ്ഗാത്മക രചനയിലേക്ക് നയിക്കൽ , വിഭിന്ന നിലവാരക്കാരെ ഉൾപ്പെടുത്താൻ കഴിയും.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| അനുഭവങ്ങൾ എഴുത്തിലൂടെ പ്രകടിപ്പിക്കുന്നു | CLASS PTA യിൽ ഡയറി എഴുത്തു ഘടന പരിചയപ്പെടുത്തൽ | | സർഗ്ഗാത്മക ശേഷി വികസനം സാദ്ധ്യ മാകുന്നുണ്ട് | CLASS TEACHER | |
| ഭാഷാ ശേഷി വർദ്ധിക്കുന്നു | മികച്ച ഡയറികൾ CLASS PTA യിൽ | ജൂൺ മുതൽ മാർച്ച് വരെ | രചനകൾ പുസ്തക രൂപത്തിൽ ആക്കിയിട്ടുണ്ട് | HM | SSA |
| സ്വതന്ത്ര രചന സാധ്യ മാകുന്നു | സചിത്ര ഡയറി പുസ്തക രൂപത്തിൽ | | രചനോത്സവത്തിൽ അവതരിപ്പിച്ചിട്ടുണ്ട് | PTA | |

# മലയാളം മധുരം

ആമുഖം

അവധിക്കാലത്ത് ആരംഭിച്ച വായന തുടരുന്നു . വായന ആശയ ഗ്രഹണ വായന , ഭാവത്മാക വായന എന്നിവക്ക് സാധ്യതയൊരുക്കുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| സ്വതന്ത്ര വായനക്ക് അവസരം<br>സർഗ്ഗ ശേഷി വികസനം<br>ചിത്രകഥ പുസ്തകങ്ങൾ നിർമിക്കൽ | SRG യിൽ അവലോകനം CPTA യിൽ അവലോകനം<br>കുട്ടിയും രക്ഷിതാവും ചേർന്ന് വായന<br>വായനോത്സവം<br>രചനോത്സവം<br>വായനാചങ്ങാത്തം<br>സ്വതന്ത്ര രചനകൾ പുസ്തക രൂപത്തിൽ ഭാഷോത്സവത്തിൽ പ്രസിദ്ധീകരിച്ചും പ്രകാശനം | ജൂൺ മുതൽ മാർച്ച് വരെ | കൃത്യമായ ആസൂത്രണം<br>രക്ഷിതാവിന്റെ പിന്തുണ<br>പ്രവർത്തനങ്ങളുടെ വീഡിയോ DOCUMENTATION<br>പുസ്തകം പ്രസിദ്ധീകരിക്കൽ | CLASS TEACHER<br>HM<br>PTA | PTA<br>SSA |

# പാട്ടരങ്ങ്

## ആമുഖം

കുട്ടിക്ക് താളബോധം സ്വായത്തമാക്കാനും ഈണത്തിൽ കവിത ചൊല്ലി ആസ്വാദനം സാധ്യമാക്കാനും സാധിക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പാഠത്തിലെ കവിതകളും സമാനകവിതകളും ഈണത്തിൽ പാടുന്നു | ചർച്ച | | ആസുത്രണം നല്ല രീതിയിൽ നടന്നിട്ടുണ്ട് | CLASS TEACHER | |
| പുതിയ വരികൾ കൂട്ടിച്ചേർക്കുന്നു | CLASS PTA യിൽ ചർച്ച | ജൂൺ മുതൽ മാർച്ച് വരെ | CLASS PTA യുടെയും RP യുടെയും പങ്കാളിത്തം ഉണ്ട് | | SSA |
| ഭാഷാപ്രവർത്തനങ്ങൾ സജീവമാകുന്നു | പാട്ടരങ്ങ് - പാഠത്തിലെ കവിതകളും സമാന കവിതകളും | | പാട്ടരങ്ങ് നടത്തിയിട്ടുണ്ട് | PTA | |
| ഭിന്ന നിലവാരക്കാരെ പരിഗണിക്കുന്നു | വരികൾ കൂട്ടിച്ചേർക്കൽ | | ഭാഷോത്സവത്തിൽ അവതരിപ്പിച്ചിട്ടുണ്ട് | HM | |
| | പാട്ടരങ്ങ് ഭാഷോത്സവത്തിൽ | | പാട്ടരങ്ങിൽ തയ്യാറാക്കപ്പെട്ട കവിതകൾ വായനക്കാർഡുകൾ ആക്കിയിട്ടുണ്ട് | | |

# സചിത്ര പുസ്തകം

ആമുഖം

**സചിത്ര പാഠ രൂപത്തിൽ തയ്യാറാക്കിയിട്ടുള്ള 2-ാം Class ലെ പാഠപുസ്തകം കുട്ടികൾക്ക് പഠന താല്പര്യം വർദ്ധിപ്പിക്കാൻ സഹായകമാണ്**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികൾ സ്വതന്ത്ര രചയിതാക്കളും വായനക്കാരുമായി മാറുന്നു<br><br>പ്രവർത്തനങ്ങളിൽ സാധ്യത ഉറപ്പു വരുത്തുന്നു | **WORK BOOK** – സചിത്രപാഠങ്ങൾ - കുട്ടികൾക്ക് നൽകുന്നു<br><br>രക്ഷാകർതൃ ശില്പശാലയിലൂടെ സചിത്ര പാഠപുസ്തകത്തിനു പിന്തുണ നേടൽ<br><br>**CLASS PTA** യിൽ വിലയിരുത്തൽ<br><br>ഓഗസ്റ്റ്, ഡിസംബർ മാർച്ച് മാസങ്ങളിൽ **WORK BOOK** വിതരണം<br><br>ഭാഷോത്സവത്തിൽ അവതരണം | ജൂൺ മുതൽ<br><br>മാർച്ച് വരെ | എല്ലാ കുട്ടികൾക്കും സചിത്ര പാഠം **WORK BOOK**<br><br>രക്ഷിതാക്കളുടെ പിന്തുണ<br><br>**CPTA** യിൽ വിലയിരുത്തൽ , ഭാഷയോത്സവത്തിൽ അവതരിപ്പിക്കൽ | **CLASS TEACHER**<br><br>**HM**<br><br>**PARENTS**<br><br>**SSK** | **PARENT**<br><br>**SSK** |

| | | | | | |
|---|---|---|---|---|---|
| | | | | | |
| റീഡേഴ്സ് തിയേറ്റർ | | | | | |

ആമുഖം :

പാഠപുസ്തകവും മറ്റു പുസ്തകങ്ങളും ഭാവാത് മകമായി വായിക്കുന്നതിലൂടെ ശരിയായ വായന മെച്ചപ്പെടുത്താൻ ഉപകരിക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| കുട്ടികൾ മികച്ച വായനക്കാരാകുന്നു<br>പാഠപുസ്തകത്തിനു പുറമെ ലഘു ബാലസാഹിത്യ കൃതികളും കുട്ടികൾ വായിച്ചവതരിപ്പിക്കുന്നു | CLASS PTA പിന്തുണ തേടൽ<br>എല്ല്യാ കുട്ടികളെയും ശരിയായ വായനയിൽ പങ്കാളികളാക്കൽ<br>ഭാഷോത്സവത്തിലും CLASS PTA യിലും ബാലസഭയിലും അവതരിപ്പിക്കൽ | ജൂൺ മുതൽ<br>മാർച്ച് വരെ | CLASS PTA പിന്തുണയുണ്ട്<br>റീഡേഴ്സ് തിയേറ്ററിനു ആവശ്യമായ പുസ്തകങ്ങൾ ഒരുക്കിയിട്ടുണ്ട്<br>എല്ലാ കുട്ടികളെയും പങ്കെടിപ്പിക്കുന്നുണ്ട് | CLASS TEACHER<br>CLASS PTA | |

| | | | | | |
|---|---|---|---|---|---|
| | | | | | |
| രചനോത്സവം - ഭാഷോത്സവം | | | | | |

ആമുഖം :

കുട്ടികളുടെ മികച്ച രചനകളുടെ പ്രദർശനം കൃത്യമായ ഇടവേളകളിൽ സ്വതന്ത്ര മായി വായിക്കുന്നതിനും എഴുതുന്നതിനും കുട്ടികളെ പ്രാപ്തരാക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| ആത്മവിശ്വാസത്തോടെ വായന രചന പ്രവർത്തനങ്ങളിൽ ഏർപ്പെടൽ<br><br>സർഗ്ഗ ശേഷിയുടെ പ്രകടനം | SRG PTA ആസൂ തണം<br><br>അവതരിപ്പിക്കേണ്ട മികവുകൾ ലിസ്റ്റ് ചെയ്യൽ<br><br>മുന്നൊരുക്കം<br><br>സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ<br><br>ദ്വൈമാസ രചനോത്സവം<br><br>ജനുവരി യിൽ ഭാഷോത്സവം | JULY TO MARCH | എല്ലാ കുട്ടികളുടെയും പങ്കാളിത്തം വായനക്കാർഡുകൾ കത്തെഴുത്തു പുസ്തകം<br><br>എല്ല വ്യവഹാര രൂപങ്ങൾക്കും പ്രധാന്യം<br><br>ക്ലാസ് തല രചനോത്സവം 2. മാസത്തിലൊരിക്കൽ | CLASS TEACHER<br><br>HM<br><br>PTA | SSK<br><br>PTA |

## നാട്ടുവിശേഷം - കൂട്ടെഴുത്ത്

ആമുഖം :

പരിസര പഠനവുമായി ബന്ധപ്പെടുത്തി നടത്തുന്ന പ്രകൃതി നിരീക്ഷണത്തിലൂടെ ലഭിക്കുന്ന ആശയങ്ങൾ രേഖപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പരിസര പഠനത്തിലൂടെ ഭാഷ പഠനം രസകരമാക്കൽ<br><br>പുറം വാതിൽ പഠന സാധ്യത<br><br>പ്രകൃതി നിരീക്ഷണത്തിലൂടെ കിട്ടിയ ആശയങ്ങൾ തെറ്റില്ലാതെ എഴുതൽ<br><br>ദൈനം ദിന അനുഭവങ്ങൾ വാർത്തരൂപത്തിൽ എഴുതൽ | പ്രകൃതി നടത്തം ഫീൽഡ് ട്രിപ് ആസൂത്രണം<br><br>PTA യുടെ പിന്തുണയോടെ നടപ്പാക്കൽ<br><br>കണ്ടെത്തലുകൾ അവതരിപ്പിക്കലും കൂട്ടെഴുതും<br><br>രചനോത്സവത്തിൽ പതിപ്പ്<br><br>ഭാഷോത്സവത്തിൽ അവതരണം | JUNE TO MARCH | പരിസര പഠനത്തോടൊപ്പം ഭാഷാപഠനം ഉറപ്പാക്കൽ<br><br>വാതിൽപുറ പഠന സാധ്യത ഉറപ്പാക്കൽ | CLASS TEACHER<br><br>HM<br><br>PTA | SSK |

# ക്ലാസ് പത്രം

ആമുഖം

ക്ലാസിലെ കൂട്ടെഴുതുകൾ ഒരു പത്രത്തിന്റെ ഘടനയിലാക്കി വാർത്തകൾ രൂപപ്പെടുത്തുന്ന പ്രവർത്തനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | വിലയിരുത്തൽ | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| രചന ശേഷി പരിപോഷിപ്പിക്കൽ<br><br>വ്യത്യസ്ത പഠന തന്ത്രങ്ങൾ ഉപയോഗിക്കൽ<br><br>ദൈനം ദിന അനുഭവങ്ങൾ വാർത്തരൂപത്തിൽ എഴുതൽ | CPTA പിന്തുണ തേടൽ<br><br>രക്ഷിതാവിന്റെ സഹായത്തോടെ അനുഭവങ്ങൾ വാർത്തരൂപത്തിൽ എഴുതുന്നു<br><br>പത്രം തയ്യാറാക്കുന്നു പ്രസിദ്ധീകരിക്കുന്നു<br><br>രചനോത്സവത്തിലും ഭാഷോത്സവത്തിലും പ്രദർശനം | JUNE TO MARCH | കൂട്ടെഴുത്തിനുള്ള സാദ്ധ്യതയുണ്ട്<br><br>വിഭിന്ന നിലവാരക്കാരെ പരിഗണിച്ചിട്ടുണ്ട്<br><br>തയ്യാറാക്കിയ പത്രങ്ങൾ സമൂഹത്തിൽ പ്രദർശിപ്പിച്ചിട്ടുണ്ട് | CLASS TEACHER<br><br>PTA<br><br>HM | SSK |

# CWSN – കുട്ടികൾ

ലക്ഷ്യങ്ങൾ

**CWSN - കുട്ടികൾക്ക് (പത്യേക (പവർത്തനങ്ങൾ നൽകി പഠന താല്പര്യം ഉണർത്തുക**

**ഇത്തരം കുട്ടികളുടെ കഴിവുകളുടെ വികസനം സാധ്യമാക്കുക**

| (പവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| ഭാഷ<br>ചി(തങ്ങൾക്കു നിറം നൽകുക<br>പദസൂര്യൻ<br>പദങ്ങളെ വിശേഷണങ്ങൾ ചേർത്ത് എഴുതുക<br>അക്ഷര കേളി<br>പദസൂര്യൻ ( നിശ്ചിത ചിഹ്നങ്ങൾ ഉൾപ്പെട്ട വാക്കുകൾ )<br>WORK SHEET കൾ ( നിശ്ചിത ചിഹ്നങ്ങൾ ഉൾപ്പെട്ടത്)<br>അക്ഷര കാർഡുകൾ<br>അക്ഷരത്തിൽ നിന്ന് പദം | JUNE TO MARCH | BRC<br>PARENTS<br>TEACHERS |

**Std : 1**

വായനക്കാർഡുകൾ

**ഭാഷ : പരിചിതമായ അക്ഷരങ്ങൾ ഉൾപ്പെടുത്തി ലളിതമായ വായനക്കാർഡ് നിർമിക്കുന്നു – വായിക്കുന്നു സ്വതന്ത്ര രചനയിലേക്കും വായനയിലേക്കും നയിക്കുന്നു**

പട പട പട പട പട

പറവകൾ പാറി


നോക്കൂ .... കണ്ടെത്താം

ഭാഷ : ന്യൂസ് പേപ്പർ മറ്റു ബാലസാഹിത്യകൃതികൾ എന്നിവയിൽ നിന്നും പരിചിതമായ അക്ഷരങ്ങൾ തിരിച്ചറിയുന്നു .

പകർത്തി എഴുതുന്നു

ആക്ഷൻ  പ്ലാൻ
സ്റ്റാൻഡേർഡ് : II അക്ഷരം പൂക്കളം

ഭാഷ : വായനയിലും ലേഖനത്തിലും ഏറ്റവും പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പ്രവർത്തനം .
ഉദാ :




ഒരു അക്ഷരം നൽകി അതിനോട് സ്വര ചിഹ്നം ചേർത്ത് വാക്കുകൾ നിർമിച്ചു എഴുതി പൂക്കളം ഒരുക്കുക .

തുടർ പ്രവർത്തനം : ഒരേ ചിഹ്നം വരുന്ന കൂടുതൽവാക്കുകൾ കണ്ടെത്തി എഴുതുക .

**Std : II**

# ഗണിതം

**ലക്ഷ്യ : ഗണിത ശേഷികളിൽ പിന്നോക്കം നിൽക്കുന്നവർക്ക് സംഖ്യാബോധം , സ്ഥാനവില , സങ്കലന -**വ്യവകലന ക്രിയകൾ എന്നിവയിൽ ധാരണ കൈവരുത്തുക

പ്രവർത്തനങ്ങൾ :

പാമ്പും കോണിയും , ഡൈസ് എന്നിവയൊക്കെ ഉപയോഗിച്ചുള്ള ഗണിത കേളികൾ നൽകുക

**സംഖ്യ കാർഡ് ,അരവിന്ദോഗുപ്ത stripes, അബാക്കസ്, സ്ഥാനവില പോക്കറ്റ് എന്നിവ** ഉപയോഗിച്ച് സംഖ്യാബോധം നേടാൻ വേണ്ട പ്രവർത്തനങ്ങൾ ഗ്രൂപ്പായി ചെയ്യിക്കുക

**B b** യിൽ ഗണിത ക്രിയകൾ ചെയ്യിക്കുക.

**Work sheets** നൽകുക .

ഓരോ മാസത്തിലും പഠന പുരോഗതി വിലയിരുത്തുക.

**Std . : II**

**English**

**Aim :**

To read and write simple sentences

To present small rhymes

To Perform discourses like conversations

**Activities :**

Makes them read word cards , sentence cards ,

Makes sentences using matching cards

Helps them to read simple sentences from the text books

Makes them participate in word games

Encourages them to present rhymes , small conversations etc

Gives work sheets as evaluation tool

സ്റ്റാൻഡേർഡ് : **2** വാക്യ കേളി

ഭാഷ : വായനയിലും ലേഖനത്തിലും ശരാശരിയിൽ നിൽക്കുന്ന കുട്ടികൾക്കുള്ള പ്രവർത്തനം ഉദാ : ത , ച , പ , വ , ഈ , എന്നീ അക്ഷരങ്ങൾക്കൊപ്പം

ാ, ി, ീ, ു, ൂ, ൃ, െ, േ, ൈ, െ-ാ, േ-ാ, ൗ,

എന്നീ സ്വര ചിഹ്നങ്ങൾ ഏതെങ്കിലുമൊക്കെ ചേർത്ത് വാക്കുകൾ നിർമിക്കുക - വായിക്കുക

**1)** ത : താലം , തിര , തീരം

**2 )** ച :

## STANDARD III

## അക്ഷരമേളം (പ്രവർത്തനങ്ങൾ :

## ENGLISH :

**OBJECTIVE**

**Identify familiar words from a group of words .**

**Identify and read letters from word cards .**

**Make words using letter cards .**

## Maths :

1 മുതൽ 10 വരെ സംഖ്യകൾ തിരിച്ചറിയുന്നു.

നിശ്ചിത എണ്ണം വസ്തുക്കൾ എണ്ണിയെടുക്കുന്നു.

സംഖ്യകളും വസ്തുക്കളും വരച്ചു യോജിപ്പിക്കുന്നു .

നിശ്ചിത എണ്ണം വസ്തുക്കളുടെ ചിത്രത്തിന് നിറം കൊടുക്കുന്നു.

## STANDARD III

### അക്ഷരമേളം - പ്രവർത്തനങ്ങൾ

ലക്ഷ്യം : ഭാഷ തെറ്റ് കൂടാതെ വായിക്കുന്നതിനും എഴുതുന്നതിനും

ശരാശരിയിലും താഴെ നിൽക്കുന്ന കുട്ടികൾക്ക് :

* ഒരു പദം നൽകുന്നു
* അതി ന്റെ വിശേഷണം പറയിപ്പിക്കുന്നു
* ആവർത്തിച്ച് എഴുതിക്കുന്നു
* വിലയിരുത്തലിനായി **work sheet** നൽകുന്നു

ശരാശരി നിലവാരം പുലർത്തുന്ന കുട്ടികൾക്ക്

* **നിശ്ചിത ചിഹ്നമുള്ള പദങ്ങൾ നൽകുന്നു**
* ആവർത്തിച്ചു എഴുതിക്കുന്നു
* പരസ്പര വിലയിരുത്തൽ നടത്തുന്നു
* വായനക്കാർഡുകൾ വായിപ്പിക്കുന്നു .

* നിശ്ചിത വാക്യ ങ്ങളിൽ നിന്ന് പഠിച്ച അക്ഷരങ്ങൾ തിരിച്ചറിഞ്ഞു പറയുന്നു .
* നൽകിയിരിക്കുന്ന അക്ഷരങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമിക്കൽ.

| STANDARD – III | | |
|---|---|---|
| **ENGLISH** | | |
| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| മൃഗങ്ങൾ ,പക്ഷികൾ ,വസ്തുക്കൾ എന്നിവയുടെ പേരുകൾ പറയാനും എഴുതാനും ശേഷി നേടുക . | **JUNE TO MARCH** | **CLASS TEACHER** |
| ലളിതമായ വാക്കുകളും വാക്യ വും എഴുതാനും വായിക്കാനും സാധിക്കുക | **SEPTEMBER TO MARCH** | **CLASS TEACHER PARENT** |
| ഇംഗ്ലീഷിൽ നൽകുന്ന **INSTRUCTIONS** മനസ്സിലാക്കുക , | | |
| ഇംഗ്ലീഷ് **RHYMES , RIDDLES** ആക്ഷൻ സോങ്സ് എന്നിവ **ENGLISH ASSEMBLY** യിൽ അവതരിപ്പിക്കുക | | **CLASS TEACHER PARENTS** |

**Std . : IV**

**English**

**Aim :**

It helps children learn new words related to one idea.

Choose a simple word, ask children to say or write the words related to it.

Reading words : Use simple 3- 5 sentences with familiar vocabulary

Chart

MATHS -- NUMBER CHART

ഒറ്റ സംഖ്യ , ഇരട്ട സംഖ്യ , 10,20,30.....................1000, 2000...................

**ഈ രീതിയിൽ എഴുതിയ** chart (പ്രദർശിപ്പിച്ചു നിരന്തരം വായിപ്പിക്കാം സ്വയം എഴുതാൻ അവസരം

Makes them participate in word games

Encourages them to present rhymes , small conversations etc

Gives work sheets as evaluation tool

**Standard - IV**

ഭാഷ : ഒഴുക്കോടെ വായിക്കുന്നതിനും അക്ഷരത്തെറ്റില്ലാതെ എഴുതാൻ കഴിയുന്നതിനും

## അക്ഷരപ്പെരുമ പുസ്തകത്തിലൂടെ

ക്രമാനുഗതമായി ചിഹ്നങ്ങൾ ചേർന്ന് വരുന്ന വാക്കുകൾ കേട്ടെഴുത്തായി എഴുതിക്കുന്നു .

കിട്ടാത്ത പദങ്ങൾ ആവർത്തനങ്ങളിലൂടെയും സമാന ചിഹ്നങ്ങൾ ചേർന്ന മറ്റു പദങ്ങൾ നൽകിയും ഉറപ്പിക്കുന്നു.

വാക്കുകൾ നൽകി വാചകങ്ങൾ എഴുതിക്കുന്നു.

വായന കാർഡുകൾക്കു പ്രാധാന്യം നൽകി വായിപ്പിക്കുന്നു.

കുട്ടികളെക്കൊണ്ട് സ്വയം വിലയിരുത്തൽ , പരസ്പരം വിലയിരുത്തൽ എന്നിവ നടത്തിക്കുന്നു.

## STD : IV

## പ്രവർത്തനം

| പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|
| സംഖ്യാബോധം , സ്ഥാന വില അറിയൽ എന്നിവക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ ഗണിത കേളികളായും സംഖ്യ കാർഡുകൾ ഉപയോഗിച്ചും അവതരിപ്പിക്കുക . | JUNE TO MARCH | BRC<br>PARENTS<br>TEACHERS |
| ചതുഷ്ക്രിയകൾ ചെയ്യുന്നതിനുള്ള ശേഷിനേടാൻ അനുയോജ്യമായ ലളിതമായ പ്രവർത്തനങ്ങൾ നൽകുക<br><br>ഗണിതവുമായി ബന്ധപ്പെട്ട ഗ്രൂപ്പ് പ്രവർത്തനം | SEPTEMBER TO MARCH | CLASS TEACHER |

## മോണിറ്ററിംഗ് സംവിധാനം

വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട അക്കാദമിക പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് ചുമതല ക്ലാസ്ടീച്ചർ, ഹെഡ്മാസ്റ്റർ, S R G കൺവീനർ എന്നിവർക്ക് പ്രവർത്തനങ്ങളുടെ അവലോകനം മീറ്റിംഗിലും ക്ലാസ് പി. ടി. എ. യിലും.

ഭൗതീകവികസന പ്രവർത്തനങ്ങളുടെ മോണിറ്ററിംഗ് വിദ്യാലയ വികസന സമിതി, സാമ്പത്തിക സഹായ ഏജൻസി.

## ഉപസംഹാരം

P.T.A, O.S.A, Management, S.R.G, S.S.G, Ward Member, എന്നവർ ചേർന്നു കൂടിയാലോചിച്ചു തയ്യാറാക്കിയ ഈ സ്കൂൾ പ്രവർത്തന കലണ്ടർ കടലാസിൽ മാത്രം ഒതുങ്ങാതെ കർമ്മരംഗത്തേക്ക് കൊണ്ടുവരാനും അതിലൂടെ വിദ്യാലയത്തിന്റെ അക്കാദമിക ഭൗതീക സാഹചര്യങ്ങൾ ഇനിയുമിനിയും മെച്ചപ്പെടുത്താനുംകഴിയുമെന്ന് ഉറച്ചു വിശ്വസിക്കുന്നു. അടുത്ത അദ്ധ്യായന വർഷാരംഭം മുതൽതന്നെ കലണ്ടറിലെ പ്രവർത്തനപരിപാടികൾ പ്രയോഗികതലത്തിലേക്ക് എത്തിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും തുടങ്ങുന്നതാണ്. ഈ പ്രവർത്തനങ്ങൾ വഴി വിദ്യാലയത്തിലേക്ക് കൂടുതൽ കുട്ടികളെ എത്തിക്കാൻ കഴിയുമെന്നും സമീപപ്രദേശങ്ങളിലെ ആംഗലേയവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്കുള്ള ഒഴുക്കിന് തടയിടാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ സർക്കാരിന്റേയും വിദ്യാഭ്യാസ വകുപ്പിന്റേയും പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞ പ്രവർത്തനങ്ങളിൽ ഭാഗഭാക്കാകാൻ കഴിയുന്നതിന്റെ സന്തോഷത്തോടെ .........

എൻ. എസ്. എൽ. പി. എസ്.

മടത്തുംപടി